**പതിനാലാം കേരള നിയമസഭ**
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 190 — 05.11.2019-ലെ മറുപടിയ്ക്ക്

## കായികരംഗത്തിന് ഉണർവേകാൻ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീമതി യു. പ്രതിഭ**<br>**ശ്രീ.രാജു എബ്രഹാം**<br>**,, കെ. ആൻസലൻ**<br>**,, പുരുഷൻ കടലുണ്ടി** | | **ശ്രീ.ഇ.പി.ജയരാജൻ**<br>ബഹു.വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | കായികരംഗത്തിന് ഉണർവേകുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തിവരുന്ന കായികക്ഷേമ പ്രവർത്തനങ്ങളെയും പശ്ചാത്തല സൗകര്യ വികസനത്തിനായി നടപ്പാക്കി വരുന്ന പദ്ധതികളെയും കുറിച്ച് വിശദമാക്കാമോ; | (എ) | കായികരംഗത്തിന് ഉണർവേകുകയെന്ന ലക്ഷ്യത്തോടെ ഈ സർക്കാർ നടത്തിവരുന്ന വിവിധ പദ്ധതികൾ.<br>**<u>ഗ്രാസ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി (കിക്കോഫ്)</u>**<br>നഗര ഗ്രാമീണ മേഖലയിൽ ഫുട്ബോൾ കളിയിൽ തൽപരരായ കുട്ടികളെ ചെറിയ പ്രായത്തിൽ തന്നെ കണ്ടെത്തി വിദഗ്ധ പരിശീലനം ലഭ്യമാക്കി മികച്ച ഫുട്ബോൾ കളിക്കാരായി വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ കിക്കോഫ് എന്ന ഗ്രാസ്സ് റൂട്ട് ലെവൽ ഫുട്ബോൾ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാനത്തെ 20 സ്കൂളുകളെ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 8 സ്കൂളുകളിൽ പ്രസ്തുത പദ്ധതി ആരംഭിച്ചിട്ടുണ്ട്.<br>**<u>പ്ലേ ഫോർ ഹെൽത്ത്</u>**<br>കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. |

**സ്പ്ലാഷ് & എയ്സ്**

സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്ന സ്പ്ലാഷ് പദ്ധതി, ടെന്നീസ് കളിയിൽ തൽപ്പരരായ 4 മുതൽ 9 വയസ്സുവരെ പ്രായമുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകുന്ന ഗ്രാസ്റൂട്ട് ലെവൽ ടെന്നീസ് പരിശീലന പരിപാടി (ACE) എന്നീ പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്നു.

**കളിത്തട്ട്**

കേരളത്തിന്റെ തനത് _ കായിക വിനോദങ്ങൾ നിലനിർത്തുന്നതിനും പുതിയ തലമുറയ്ക്ക് കൈമാറി അത് കൂടുതൽ പ്രചരിപ്പിക്കുന്നതിനും വേണ്ടി കായിക യുവജനകാര്യാലയവും യുവജനക്ഷേമ ബോർഡും സഹകരിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് കളിത്തട്ട്. ബ്ലോക്ക്/ജില്ലാ/സംസ്ഥാനതല മത്സരങ്ങൾ സംഘടിപ്പിക്കുന്നതിനും എല്ലാ ജില്ലാകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുമായി 1.42 കോടി രൂപ 2018-19 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്.

**ട്രിവാൻഡ്രം മാരത്തോൺ**

കായിക കേരളത്തിലെ ഒരു സുപ്രധാന കായിക ഇനമായി മാറുന്ന തരത്തിൽ വിപുലമായ ക്രമീകരണങ്ങളോടെ കായികയുവജനകാര്യ വകുപ്പ് തുടക്കം കുറിച്ച പദ്ധതിയാണ് സ്പോർട്സ് കേരള മാരത്തോൺ. ഇതിനോടകം അന്തർദേശീയ കായിക കലണ്ടറിൽ ഇടം നേടിയ ഈ കായിക ഇനത്തിന്റെ ആദ്യ പതിപ്പിൽ ദേശീയ, അന്തർദേശീയ കായിക താരങ്ങൾ ഉൾപ്പെടെ പങ്കെടുത്തു. പ്രസ്തുത പരിപാടി എല്ലാ വർഷവും നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

**ഇന്റർനാഷണൽ സ്പോർട്സ് എക്സ്പോ**

കായിക മേഖലയിൽ ഉപയോഗിക്കുന്ന വിവിധയിനം ലോകോത്തര ഉപകരണങ്ങൾ, ജേഴ്സികൾ, സ്പോർട്സ് ന്യൂട്രീഷ്യൻ ഉൽപന്നങ്ങൾ തുടങ്ങിയവയെ കേരള കായിക താരങ്ങൾക്കും കായിക പ്രേമികൾക്കും പരിചയപ്പെടുത്തുന്നതിനായി "ഇന്റർ നാഷണൽ സ്പോർട്സ് എക്സ്പോ കേരള 2018"

നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**ഷൂട്ടിംഗ് അക്കാഡമി**

35-ാമത് ദേശീയ ഗെയിംസുമായി ബന്ധപ്പെട്ട് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഷൂട്ടിങ്ങിൽ 10 മീറ്റർ, 25 മീറ്റർ, 50 മീറ്റർ ഇനങ്ങളിൽ അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള ഷൂട്ടിംഗ് അക്കാഡമി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ഷൂട്ടിംഗ് താരങ്ങൾക്ക് പരിശീലനത്തിനും ദേശീയ അന്തർദേശീയ മത്സരങ്ങൾ നടത്തുന്നതിനും ഈ ഷൂട്ടിംഗ് റേഞ്ചിൽ സൗകര്യം ഒരുക്കിയിട്ടുണ്ട്.

**സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ**

ജീവിതശൈലി രോഗങ്ങളിൽ നിന്നും മുക്തി നേടി ആരോഗ്യകരമായ ഒരു ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിന് ആവിഷ്ക്കരിച്ച പദ്ധതിയാണ് സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ. സ്കൂൾ-കോളേജ് വിദ്യാർത്ഥികൾ, യുവജനങ്ങൾ, മുതിർന്ന പൗരന്മാർ തുടങ്ങിയ എല്ലാ ജനവിഭാഗങ്ങൾക്കും പ്രയോജനപ്പെടുന്ന രീതിയിലാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. സ്പോർട്സ് ആന്റ് ഹെൽത്ത് പാർക്കുകളിലൂടെ ജനങ്ങളിൽ കായിക അവബോധം സൃഷ്ടിക്കുന്നതിനും ഈ പദ്ധതി ലക്ഷ്യമിടുന്നു. തെരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ കായിക-ആരോഗ്യ സംബന്ധമായ ഉപകരണങ്ങൾ സ്ഥാപിച്ചാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

**സ്റ്റൈൽ പദ്ധതി**

സ്റ്റൈൽ പദ്ധതി പ്രകാരം 8 സ്ഥലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**സ്പ്രിന്റ്-ഗ്രാസ്റൂട്ട് അത്ലറ്റിക് ട്രെയിനിംഗ് പ്രോഗ്രാം**

ലോക നിലവാരത്തിലുള്ള അത്ലറ്റുകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി അന്താരാഷ്ട്ര തലത്തിലെ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ഗ്രാസ്റൂട്ട് പരിശീലനം നൽകുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. കാസർഗോഡ്, കണ്ണൂർ,

ഇടുക്കി, ആലപ്പുഴ, കൊല്ലം, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളാണ് ആദ്യ ഘട്ടമായി പദ്ധതിയിലുൾപ്പെടുത്തിയിട്ടുള്ളത്.

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

2020,2024-ലെ ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കായിക താരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ".

ടി കായികയിനങ്ങളിൽ അന്തർദേശീയ നിലവാരത്തിൽ മെഡൽ കരസ്ഥമാക്കിയ കായിക ഇനങ്ങളായ റോവിംഗ്, ഫെൻസിംഗ്, അത്ലറ്റിക്സ് എന്നീ കായികയിനങ്ങൾ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലും, ബാക്കിയുള്ള കായികയിനങ്ങളായ റസ്ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഫീഡിംഗ് സെന്ററായി (CSH മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

**എലൈറ്റ് സ്കീം**

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 54 കോളേജ് സ്പോർട്സ് അക്കാഡമികൾ, 2 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 13 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയും, 14 ജില്ലകളിലായി 70 ഡേ ബോർഡിംഗ്

സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഈ സെന്ററുകളിലൂടെ മികച്ച കായിക പരിശീലനം നൽകി വരുന്നു. കൂടാതെ പ്രതിമാസ അലവൻസ്, സ്പോർട്സ് കിറ്റ്, കായിക ഉപകരണങ്ങൾ, ചികിത്സാ ധനസഹായം എന്നിവ അനുവദിക്കുന്നുണ്ട്.

കൂടാതെ ദേശീയ അന്തർദേശീയ മത്സരങ്ങളിൽ കേരളത്തെ പ്രതിനിധീകരിച്ച് പങ്കെടുത്ത് വിജയിക്കുന്ന കായിക താരങ്ങൾക്ക് ക്യാഷ് അവാർഡ് നൽകി വരുന്നുണ്ട്.

സംസ്ഥാനത്തെ മികച്ച കായിക താരങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന നൂതന പദ്ധതിയാണ് ഡോ.എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്. ടി പദ്ധതിയിലൂടെ 14 മുതൽ 19 വയസ്സു വരെ പ്രായപരിധിയിലുള്ള 11 കായിക താരങ്ങളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

അവശത അനുഭവിക്കുന്ന മുൻകാല കായികതാരങ്ങൾക്ക് പെൻഷൻ/ഫാമിലി പെൻഷൻ നൽകുന്നുണ്ട്.

കായിക മേഖലയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി ബഡ്ജറ്റിൽ വിവിധ ശീർഷകങ്ങളിലായി ഉദ്ദേശം 27.17 കോടി രൂപ ആസ്തി വികസന പ്രവർത്തനങ്ങൾക്ക് വകയിരുത്തിയിട്ടുണ്ട്. കായിക വകുപ്പ് പ്രസ്തുത അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഇതിനു പുറമേ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും, 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 57 പദ്ധതികളാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതികളിൽ 4 ജില്ലാ സ്റ്റേഡിയങ്ങളുൾപ്പെടെ 23 സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെ കിഫ്ബി മുഖേന 820 കോടി രൂപയുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലുമാണ്. വിശദാംശം **അനുബന്ധം-I** ഉൾക്കൊള്ളിച്ചിട്ടുണ്ട്.

കൂടാതെ സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം

| | | | |
|---|---|---|---|
| | | | മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കായികയുവജനകാര്യ വകുപ്പിന് കൈമാറി ലഭിച്ചിട്ടുള്ള ജി.വി.രാജാ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, ഗവ.ജി.വി.എച്ച്.എസ്.എസ്, (സ്പോർട്സ്) കണ്ണൂർ എന്നിവിടങ്ങളിൽ കായിക അടിസ്ഥാന സൗകര്യ വികസനത്തിനായി നടത്തി വരുന്ന വിവിധ പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം-II** ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (ബി) | സ്കൂൾ കായികമേളയിൽ വിദ്യാർത്ഥി ഹാമർ തലയിൽ പതിച്ച് മരിക്കാനിടയായ ദാരുണ സംഭവത്തിന്റെ പശ്ചാത്തലത്തിൽ കായികമത്സരങ്ങൾ പൂർണമായും അപകടരഹിതമാക്കുന്നതിന് വേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനും അവ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും നടപടിയെടുക്കുമോ; | (ബി) | 2019 ഒക്ടോബർ 4 ന് പാലാ മുനിസിപ്പൽ സ്റ്റേഡിയത്തിൽ വച്ച് നടന്ന 63 - ാമത് സംസ്ഥാന ജൂനിയർ അത്ലറ്റിക് ചാമ്പ്യൻഷിപ്പിനിടെ ഹാമർ തലയിൽ വീണ് വിദ്യാർത്ഥിയായ അഫീൽ ജോൺസൺ മരണപ്പെട്ട അതിദാരുണമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ ഉത്തരവിൻ പ്രകാരം അന്വേഷണ കമ്മീഷനെ നിയോഗിച്ച് അന്വേഷണം നടത്തുകയും ടി കമ്മിറ്റി റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടത്തപ്പെടുന്ന കായികമേളകളിൽ ഇനിയും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാനുള്ള മുൻകരുതലുകൾ സ്വീകരിക്കുന്നതിന് സർക്കാർ കർശന നിർദ്ദേശം നൽകിയതിന്റെ ഭാഗമായി സ്കൂൾ മീറ്റിന് ജില്ലാതല മത്സരങ്ങൾ മുതലുള്ളവയ്ക്ക് കായികയുവജന കാര്യാലയത്തിലേയോ സംസ്ഥാന സ്പോർട്സ് കൗൺസിലിലേയോ ഒരു സീനിയർ കോച്ചിനെ നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയോഗിക്കുന്നതിനും കൂടാതെ ഈ വർഷത്തെ സംസ്ഥാന സ്കൂൾ കായികോത്സവത്തിന്റെ ഉപജില്ലാ, ജില്ലാ, സംസ്ഥാന മത്സരങ്ങൾ നടത്തുമ്പോൾ സ്വീകരിക്കേണ്ട മുൻകരുതലുകളെക്കുറിച്ചും ത്രോ ഇനങ്ങൾ ഒരു സമയത്ത് ഒരു ഐറ്റം മാത്രമേ നടത്താവൂ എന്നതിനെക്കുറിച്ചും വിശദമായ സർക്കുലർ എല്ലാ വിദ്യാഭ്യാ, ഓഫീസർക്കും നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് വരുംകാലങ്ങളിൽ |

| | | | |
|---|---|---|---|
| | | | നടക്കാനിരിക്കുന്ന കായികമേളകളിൽ ഇത്തരം ദാരുണമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള കർശന നടപടികൾ സർക്കാർ സ്വീകരിക്കുന്നതുമാണ്. |
| (സി) | കായിക രംഗത്ത് പൊതുവെ ജനാധിപത്യ രീതികൾ അന്യമായത് പരിഹരിക്കാനും കായിക ഭരണ സ്ഥാപനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ? | (സി) | കായിക രംഗത്ത് പൊതുവേ ജനാധിപത്യ രീതികൾ അന്യമായത് പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ സ്പോർട്സ് കൗൺസിലും സ്പോർട്സ് ആക്ട് ഭേദഗതി അനുസരിച്ച് ജനാധിപത്യ രീതിയിൽ രൂപീകരിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനാധിപത്യ രീതിയിൽ സ്പോർട്സ് കൗൺസിലുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>കായിക ഭരണ സ്ഥാപനങ്ങൾ ഒരു കുടകീഴിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിന്റെ കായിക വളർച്ചയ്ക്കായി ഒരു കായിക സമുച്ചയം തലസ്ഥാന ജില്ലയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കായിക യുവജനകാര്യ ഡയറക്ടറേറ്റ്, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, കായിക മേഖലയുമായി ബന്ധപ്പെട്ട വിവിധ അസോസിയേഷനുകൾ എന്നിവ ഒരു കുടക്കീഴിൽ കൊണ്ട് വന്ന് പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുവാനും ഏകോപിപ്പിക്കുവാനുമാണ് ഉദ്ദേശിക്കുന്നത്. ഇവിടെ കോൺഫറൻസ് ഹാൾ, ലൈബ്രറി, ആധുനിക രീതിയിലുള്ള ജിംനേഷ്യം എന്നിവയും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. തിരുവനന്തപുരം താലൂക്കിൽ വഞ്ചിയൂർ വില്ലേജിൽപ്പെട്ട വാൻറോസ് ജംഗ്ഷനിൽ വാൻറോസ് പുന്നൻറോഡിനും കോർപ്പറേഷൻ റോഡിനും സമീപം സർക്കാർ ഉടമസ്ഥതയിലുള്ള 29.552 സെന്റ് സ്ഥലത്താണ് പ്രസ്തുത കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം I

# കിഫ്ബി സഹായത്തോടെ നടപ്പാക്കുന്ന 57 പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നം | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (കോടിയിൽ) | പ്രവൃത്തികളുടെ നിലവിലെ സ്ഥിതി (22.10.2019 വരെ) |
|---|---|---|---|
| **(എ). പ്രവൃത്തി തുടങ്ങിയ പദ്ധതികൾ (23 എണ്ണം)** | | | |
| ജില്ലാ സ്റ്റേഡിയം (4 എണ്ണം) | | | |
| 1 | തിരുവനന്തപുരം തോമസ്സ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം | 58.47 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 27% പൂർത്തീകരിച്ചിട്ടുണ്ട്. |
| 2 | ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം | 40 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 3.5% പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | തൃശ്ശൂർ ഐ.എം. വിജയൻ ഇൻഡോർ സ്റ്റേഡിയം | 70.56 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 10% പൂർത്തീകരിച്ചിട്ടുണ്ട. |
| 4 | വയനാട് സി.കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം | 42.19 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 14% പൂർത്തീകരിച്ചിട്ടുണ്ട്. |
| പഞ്ചായത്ത് കളി സ്ഥലം - ബഡ്ജറ്റ് 2016-17 (16 എണ്ണം) | | | |
| 5 | നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം | 20.76 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 6 | വയനാട് ജില്ലാ സ്റ്റേഡിയം (ജിനചന്ദ്ര സ്റ്റേഡിയം) | 18.73 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 7 | എടപ്പാൾ ഗവ. എച്ച്.എസ്സ്.എസ്സ്, മലപ്പുറം | 15.69 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 70% പൂർത്തീകരിച്ചിട്ടുണ്ട്. |
| 8 | തിരുമിറ്റക്കോട് ചാത്തന്നൂർ എച്.എസ്.എസ്. | | സിവിൽ നിർമ്മാണ പ്രവൃത്തികൾ 80% പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | കൊടുമൺ സ്റ്റേഡിയം | 15.86 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 10 | ധർമ്മടം അബു ചാത്തുക്കുട്ടി സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| 11 | കൂത്തുപറമ്പ് മുനിസിപ്പൽ സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 75% പൂർത്തീകരിച്ചിട്ടുണ്ട്. |
| 12 | നിലമ്പൂർ മിനി സ്റ്റേഡിയം | 17.26 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്. |
| 13 | പ്രീതികുളങ്ങര സ്കൂൾ സ്റ്റേഡിയം | രണ്ട് പദ്ധതികൾക്കായി 14.17 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 60% പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| 14 | തലശ്ശേരി വി.ആർ. കൃഷ്ണയ്യർ സ്റ്റേഡിയം | 13.20 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 55% പൂർത്തീകരിച്ചിട്ടുണ്ട്. |
| 15 | ചാലക്കുടി മുനിസിപ്പൽ സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 19% പൂർത്തീകരിച്ചിട്ടുണ്ട്. |
| 16 | ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്. | 14.35 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 16% പൂർത്തീകരിച്ചിട്ടുണ്ട്. |
| 17 | ഐയ്മനം പഞ്ചായത്ത് സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | സിവിൽ നിർമ്മാണ പ്രവൃത്തികൾ 15% പൂർത്തീകരിച്ചിട്ടുണ്ട്. |
| 18 | മട്ടന്നൂർ സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. |
| 19 | നെടുങ്കണ്ടം സ്റ്റേഡിയം | 5 | സിവിൽ നിർമ്മാണ പ്രാഥമിക പ്രവൃത്തികൾ നടന്നു വരുന്നു. |
| 20 | നടുവണ്ണൂർ വോളീബോൾ അക്കാദമി | 19.63 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |
| **ബജറ്റ് 2017-18 ലെ പദ്ധതികൾ (3 എണ്ണം)** | | | |
| 21 | പറളി സ്കൂൾ, പാലക്കാട് | 10 | സിവിൽ നിർമ്മാണ പ്രവൃത്തികൾ 15% പൂർത്തീകരിച്ചിട്ടുണ്ട്. |
| 22 | പുനലൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |
| 23 | മേപ്പയ്യൂർ സ്കൂൾ, കോഴിക്കോട് | 10 | സിവിൽ നിർമ്മാണ പ്രവൃത്തികൾ നടന്നു വരുന്നു. |
| **(ബി). ടെണ്ടർ നടപടികൾ പൂർത്തിയായതിൽ പ്രവൃത്തി ആരംഭിക്കാനുള്ളവ (2 എണ്ണം)** | | | |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം - ബഡ്ജറ്റ് 2016-17 (2 എണ്ണം)** | | | |
| 1 | താനൂർ സ്റ്റേഡിയം | 19.14 | പദ്ധതി പ്രദേശത്തുള്ള മരങ്ങൾ മുറിച്ച് മാറ്റേണ്ടതുണ്ട്. പ്രസ്തുത പ്രവൃത്തിക്കുള്ള അപേക്ഷ നൽകിയിട്ടുണ്ട്. |
| 2 | പുല്ലൂരാംപാറ തിരുവമ്പാടി | ഭരണാനുമതി നൽകിയിട്ടുണ്ട് | പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്ന സേക്രട്ട് ഹാർട്ട് ഹയർ സെക്കന്ററി സ്കൂൾ പ്രളയബാധിത പ്രദേശത്തായതിനാൽ മുക്കം നഗരസഭയിലെ മാമ്പറ്റ മുനിസിപ്പൽ |

| | | | |
|---|---|---|---|
| | | | സ്റ്റേഡിയത്തിലേക്ക് പദ്ധതി മാറ്റി സ്ഥാപിക്കുന്നത് പരിഗണനയിലാണ്. |
| **(സി) ടെണ്ടറിംഗ് /റീ ടെണ്ടറിംഗ് നടപടിക്രമങ്ങൾ നടന്നു വരുന്ന പദ്ധതികൾ (2 എണ്ണം)** | | | |
| **ജില്ലാ സ്റ്റേഡിയം (1 എണ്ണം)** | | | |
| 1 | എറണാകുളം ഒളിമ്പ്യൻ ചന്ദ്രശേഖരൻ ഇൻഡോർ സ്റ്റേഡിയം | 40 | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം ബഡ്ജറ്റ് 2016-17 (1 എണ്ണം)** | | | |
| 2 | ജി.വി. രാജ സെന്റർ ഫോർ എക്സലൻസ് | 30 | ടെണ്ടർ നടപടികൾ പൂർത്തിയായി. സാങ്കേതിക പരിശോധന നടന്നു വരുന്നു. |
| **(ഡി) സാങ്കേതിക അനുമതി ലഭിക്കാനുള്ള പദ്ധതികൾ (12 എണ്ണം)** | | | |
| **ജില്ലാ സ്റ്റേഡിയം (4 എണ്ണം)** | | | |
| 1 | കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 48.18 | പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 2 | കാസർഗോഡ് എം.ആർ.സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി നൽകിയിട്ടുണ്ട് | പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 3 | ഇടുക്കി കെ.പി.തോമസ്സ് ഇൻഡോർ സ്റ്റേഡിയം | 40 | സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട്. |
| 4 | കൊല്ലം ഒളിമ്പ്യൻ സുരേഷ്ബാബു. ഇൻഡോർ സ്റ്റേഡിയം | 40 | സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട്. |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം - ബഡ്ജറ്റ് 2016-17 (3 എണ്ണം)** | | | |
| 5 | പള്ളിപ്പുറം എഞ്ചിനീയറിംഗ് കോളേജ് ഗ്രൗണ്ട് അരൂർ | 16.83 | പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 6 | പടിയൂർ ഇൻഡോർ സ്റ്റേഡിയം | ഭരണാനുമതി നൽകിയിട്ടുണ്ട് | പുതുക്കിയ സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 7 | മൾട്ടിപ്പിൾ ഇൻഡോർ സ്റ്റേഡിയം, പട്ടാമ്പി കോളേജ് | 10 | സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട്. |
| **ബജറ്റ് 2017-18 ലെ പദ്ധതികൾ (5 എണ്ണം)** | | | |
| 8 | വടകര ഇൻഡോർ | 10 | പദ്ധതി റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | സ്റ്റേഡിയം. കോഴിക്കോട് | | |
| 9 | ശ്രീനാരായണ നഗരം ഇൻഡോർ സ്റ്റേഡിയം | 10 | |
| 10 | പയ്യന്നൂർ ഫുട്ബോൾ സ്റ്റേഡിയം, കണ്ണൂർ | 10 | പദ്ധതി റീടെണ്ടർ ക്ഷണിച്ചിട്ടുണ്ട്. |
| 11 | പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം | 10 | |
| 12 | ഫറൂഖ് ഗണപതി സ്കൂൾ, കോഴിക്കോട് | 10 | സാങ്കേതിക അനുമതി ലഭിക്കേണ്ടതുണ്ട് |
| **(ഇ) കിഫ്ബിയുടെ പരിഗണനയിലിരിക്കുന്ന പദ്ധതികൾ(4 എണ്ണം)** | | | |
| **ജില്ലാ സ്റ്റേഡിയം (1 എണ്ണം)** | | | |
| 1 | മലപ്പുറം പി. മൊയ്തീൻ കുട്ടി ഇൻഡോർ സ്റ്റേഡിയം | 45 | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (3 എണ്ണം)** | | | |
| 2 | പൊന്നാനി നിളാതീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ് | 12.77 | തീരദേശ റെഗുലേറ്ററി അതോറിറ്റിയുടെ അനുമതി തത്വത്തിൽ ലഭിച്ചിട്ടുണ്ട്. ഔദ്യോഗിക അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ അവസാന ഘട്ടത്തിലാണ്. |
| 3 | അമ്പലപ്പുഴ ഗവൺമെന്റ് കോളേജ് ഗ്രൗണ്ട് | ഭരണാനുമതി നൽകിയിട്ടുണ്ട് | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| 4 | കോതമംഗലം ചേലാട് സ്റ്റേഡിയം | ഭരണാനുമതി നൽകിയിട്ടുണ്ട് | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. |
| **(എഫ്) പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിക്കുവാനുള്ള പദ്ധതികൾ (4 എണ്ണം)** | | | |
| **ജില്ലാ സ്റ്റേഡിയം (1 എണ്ണം)** | | | |
| 1 | കോട്ടയം സൂസൻ മേബിൽ തോമസ് ഇൻഡോർ സ്റ്റേഡിയം | 38.19 | കോട്ടയം ചിങ്ങവനത്തുള്ള നിർദ്ദിഷ്ഠ പദ്ധതി പ്രദേശം കായിക വകുപ്പിന് ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നടന്നു വരുന്നു. |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം (3 എണ്ണം)** | | | |
| 2 | പാലക്കാട് ഇൻഡോർ സ്റ്റേഡിയം | 5 | പദ്ധതിയ്ക്കായുള്ള റിപ്പോർട്ട് തയ്യാറാക്കി വരുകയാണ്. |
| 3 | ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം | 11.54 രണ്ട് പദ്ധതികൾക്കായി | പദ്ധതിക്കായുള്ള പുതുക്കിയ ഡി.പി.ആർ തയ്യാറാക്കി വരുകയാണ്. |
| 4 | ആലപ്പുഴ റോവിംഗ് | 10 | സ്ഥലം ഏറ്റെടുക്കുന്നതിന് |

| | | | |
|---|---|---|---|
| | ട്രാക്ക് | | നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ജി) തടസ്സങ്ങൾ നേരിടുന്ന പദ്ധതികൾ (3 എണ്ണം)** | | | |
| **ജില്ലാ സ്റ്റേഡിയം (3 എണ്ണം)** | | | |
| 1 | കോഴിക്കോട് ഒളിമ്പ്യൻ റഹ്മാൻ ഇൻഡോർ സ്റ്റേഡിയം | 60 | സ്ഥലം ലഭ്യമായിട്ടില്ല |
| 2 | പാലക്കാട് കെ.കെ.പ്രേമചന്ദ്രൻ ഇൻഡോർ സ്റ്റേഡിയം | 40 | സ്ഥലം ലഭ്യമായിട്ടില്ല |
| 3 | പത്തനംതിട്ട ബ്ലസൻ ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം | 40 | വിശദമായ പ്രോജക്റ്റ് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കായിക വകുപ്പുമായി നഗരസഭ ധാരണാപത്രത്തിലേർപ്പെടുന്നതിലുള്ള കാലതാമസം മൂലം പദ്ധതി മുടങ്ങിക്കിടക്കുകയാണ്. |
| **(എച്ച്) വിവിധ കാരണങ്ങളാൽ ഉപേക്ഷിച്ച പദ്ധതികൾ (7 എണ്ണം)** | | | |
| **പഞ്ചായത്തിന്റെ അധീനതയിലുള്ള കളി സ്ഥലം - ബഡ്ജറ്റ് 2016-17 (6 എണ്ണം)** | | | |
| 1 | അടൂർ മുനിസിപ്പൽ സ്റ്റേഡിയം | 13.32 | മുനിസിപ്പാലിറ്റിയുടെ സ്ഥലം ഏറ്റെടുത്ത് നൽകാൻ കഴിയാത്തതിനാൽ പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. |
| 2 | എളങ്കുന്നപ്പുഴ സാന്താക്രൂസ്സ് ഗ്രൗണ്ട്. | 5 | പഞ്ചായത്ത് നാളിതുവരെ ധാരണാ പത്രത്തിൽ ഒപ്പു വച്ചിട്ടില്ല. സ്ഥലത്തിന്റെ കൈവശാവകാശത്തെ ക്കുറിച്ചുള്ള തർക്കം നിലനിൽക്കുന്നു. |
| 3 | കൊറ്റൻകര മിനി സ്റ്റേഡിയം | - | പദ്ധതിക്കനുയോജ്യമായ സ്ഥലം ലഭ്യമായില്ല |
| 4 | കണ്ണൂർ ജവഹർ സ്റ്റേഡിയം | 11.10 | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതിക്ക് വകയിരുത്തിയ തുക ഉപയോഗിച്ച് മയ്യിൽ, ചെറുകുന്ന് എന്നീ സ്ഥലങ്ങളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നത് പരിഗണനയിലാണ്. |
| 5 | തിരൂർ ഫുട്ബോൾ സ്റ്റേഡിയം, മലപ്പുറം | 10 | നഗരസഭ കായിക വകുപ്പുമായി ധാരണാ പത്രത്തിൽ ഏർപ്പെടാത്ത സാഹചര്യത്തിൽ മറ്റൊരു സ്ഥലത്ത് പദ്ധതി നടപ്പിലാക്കുന്നത് പരിഗണനയിലാണ്. |
| 6 | ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയം രണ്ടാം ഘട്ടം | 14.17 രണ്ട് പദ്ധതികൾക്കായി | കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടുന്നതിന് കോർപ്പറേഷൻ തയ്യാറാകാത്തതിനാൽ പദ്ധതിക്ക് വകയിരുത്തിയ തുക ഉപയോഗിച്ച് പറവൂരിൽ സ്റ്റേഡിയം നിർമ്മിക്കുന്നത് പരിഗണനയിലാണ് |

| | | | |
|---|---|---|---|
| ബജറ്റ് 2017-18 ലെ പദ്ധതികൾ (1 എണ്ണം) | | | |
| 7 | തൃശ്ശൂർ അക്വാട്ടിക് കോംപ്ലക്സ് | 20 | നിലവിലെ കെട്ടിടം ശോചനീയാവസ്ഥയിലായതിനാൽ പ്രസ്തുത കെട്ടിടത്തോടനുബന്ധിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ സാധ്യമല്ല എന്ന് റിപ്പോർട്ട് സർക്കാരിന് [illegible]ച്ചിട്ടുണ്ട്. |

S.O

അനുബന്ധം II

സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഗവ. ജി.വി രാജാ സ്പോർട്സ് സ്കൂൾ, മൈലം,
തിരുവനന്തപുരം, ഗവ. ജി.വി.എച്ച്.എസ്.എസ്.(സ്പോർട്സ്) , കണ്ണൂർ എന്നിവയുടെ ഭരണ നിയന്ത്രണ ചുമതല സ.ഉ.
(കൈ). നം.3/ 2017/ കാ.യു.വ തിയതി. 13/02/2017 പ്രകാരം കായിക വകുപ്പിന് കൈമാറിയിട്ടുണ്ട്.

- കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർഥികൾക്ക് ദേശീയ അന്തർ ദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയും വിധം ലോകോത്തര നിലവാരത്തിലുള്ള മികച്ച കായിക പരിശീലനവും അടിസ്ഥാന സൌകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. നടപടികളും കൈക്കൊണ്ടുവരുന്നു.
- രണ്ടു സ്കൂളുകളിലെയും ഹോസ്റ്റലുകൾ, അടുക്കള, ടോയ്ലറ്റ്, എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ, കിടക്ക മുതലായ സൌകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്.
- ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്റർആക്റ്റീവ് ക്ലാസ്സ് റൂം മാനേജ്മെന്റ് സിസ്റ്റം എന്നിവ ഒരുക്കിയിട്ടുണ്ട്.
- സി.സി.ടി.വി. സ്ഥാപിക്കുന്നതിന്റെ ഒന്നാം ഘട്ടം പൂർത്തീകരിച്ചു. രണ്ടാം ഘട്ടമെന്ന നിലയിൽ കൂടുതൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.
- ജി വി രാജാ സ്പോർട്സ് സ്കൂളിലെയും കണ്ണൂർ സ്പോർട്സ് ഡിവിഷനിലെയും കുട്ടികൾക്ക് ഇൻഷുറൻസ് പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.
- വിവിധ കായിക ഇനങ്ങളിൽ അന്താരാഷ്ട്രനിലവാരത്തിൽ കഴിവ് തെളിയിച്ച കായിക താരങ്ങളെ നേരിൽ കാണുന്നതിനും അതിൽനിന്നും ഊർജ്ജം ഉൾക്കൊണ്ട് പ്രവർത്തിക്കുന്നതിനും കുട്ടികൾക്ക് അവസരമൊരുക്കുന്ന ലെജന്റ് ടോക് ടു യു എന്ന പദ്ധതിക്കും , വിദേശ പരിശീലകരുടെ കീഴിൽ പരിശീലനം നൽകുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ ആരംഭിച്ചിട്ടുണ്ട്.
- ശാസ്ത്രീയമായ രീതിയിൽ കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിന് മസ്സിൽ ബയോപ്സി ടെസ്റ്റ് നടത്തുന്നതിനും ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

കൂടാതെ ഈ രണ്ട് വിദ്യാലയങ്ങളിലെയും കായിക അടിസ്ഥാനസൌകര്യ വികസനത്തിനായി നടത്തിവരുന്ന വിവിധ
പ്രവർത്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

- ജി.വി രാജാ സ്പോർട്സ് സ്കൂളിലേക്കാവശ്യമായ ജിം ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്.
- 2 ബാസ്കറ്റ്ബോൾ കോർട്ടുകൾ, ഇൻഡോർ ഹാൾ നവീകരണം, ഹോക്കി കോർട്ട് നവീകരണം എന്നിവ പൂർത്തീകരിച്ച് വരുന്നു.
- ആൺകുട്ടികളുടെ ടോയ്‌ലറ്റ്, സ്റ്റാഫ് ക്വാർട്ടേർസ് , ക്രിക്കറ്റ് പിച്ച് എന്നിവയുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു.
- ഹോസ്റ്റൽ കെട്ടിടത്തിലെ ഫ്ലോറിംഗ് പ്രവർത്തികൾ പൂർത്തീകരിച്ചു
- ജി.വി രാജാ സ്പോർട്സ് സ്കൂളിലെ ഇൻഡോർ കോർട്ട് PU ഫ്ലോറിംഗ് പ്രവർത്തികൾ നടന്നുവരുന്നു.
- വോളിബോൾ കോർട്ട് നവീകരണപ്രവർത്തികൾ പുരോഗമിച്ചുവരുന്നു.
- ജി.വി രാജാ സ്പോർട്സ് സ്കൂളിലെ റിട്ടെയിനിംഗ് വോൾ നിർമ്മാണം പുരോഗമിച്ചുവരുന്നു.
- സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഹോക്കി ടർഫ് നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്.
- 6 വരി 400 m അത്ലറ്റിക് ട്രാക്ക്, 8 വരി സ്ട്രെയ്റ്റ് ട്രാക്ക് എന്നിവയുടെ നിർമ്മാണം പുരോഗമിച്ച് വരുന്നു.
- സ്വിമ്മിംഗ്പൂൾ , സംപ്, പമ്പ് റൂം എന്നിവ ഉൾപ്പെടെ സിന്തറ്റിക് ഫുട്ബോൾ ടർഫ് നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.
- സ്കൂളിലെ നവാഗതരായ കുട്ടികൾക്കുള്ള ഹോസ്റ്റൽ നിർമ്മാണം പുരോഗമിച്ചുവരുന്നു.
- കണ്ണൂർ സ്പോർട്സ് ഡിവിഷൻ ഹോസ്റ്റലിന്റെ ഒന്ന്, രണ്ട് നിലകളുടെ നിർമ്മാണം പൂർത്തീകരിച്ചു.

കായിക അധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അധ്യാപകരെ ദിവസവേതന അടിസ്ഥാനത്തിൽ സർക്കാർ അനുമതിയോടെ നിയമിച്ചിട്ടുണ്ട്.

S.O